PARISH BULLETIN
GREGORIAN
മരുഭൂമിയിലെ പരുമല
ST. GREGORIOS ORTHODOX CHURCH - SHARJAH



2024
ഫെബ്രുവരി
ESTD : 1979 Vol 02/2024 February 2024/ Pages 8

# 'ഇന്നാ നെഫെഷ്'/ ഉപവാസം



**യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. ( വി. മത്തായി 4:1 )**

നാല്പത് രാവും നാല്പത് പകലും നമ്മുടെ കർത്താവ് അവിടെ ഉപവസിച്ചു. യേശുവിനൊത്ത് നാമും ഉപവാസം ആരംഭിക്കുവാൻ പോവുകയാണ്. വാസ്തവത്തിൽ എന്താണ് ഉപവാസം. **ഒന്നാമതായി** ഉപവാസം എന്നതിനു തസോം (**צום**) എന്ന ഹീബ്രു വാക്ക് ആണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ യഥാർത്ഥ അർഥം 'നിങ്ങളുടെ വായിൽ ഒരു മൂടുപടം ഇടുക എന്നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഭക്ഷണ പാനീയത്തിനു ഒരു നിയന്ത്രണമിടുക എന്നതാണ്.

ഈ വാക്കും അതിലെ അക്ഷരങ്ങളായ **സേഡ്, വാവ്, മെം** എന്നതിന്റെ അർത്ഥങ്ങളും യഥാർത്ഥത്തിൽ ഉപവാസത്തിനുള്ള കാരണം നമുക്ക് നൽകും. 'സേഡ്' വിനയത്തെ പ്രതിനിധീകരിക്കുന്നു, 'വാവ്' ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്കുള്ള ബന്ധത്തെ പ്രതിനിധീകരിക്കുന്നു. അവസാനത്തെ 'മെം' ദൈവത്തെ ആഴമായി അറിയുക എന്നതിനെ പ്രതിനിധീകരിക്കുന്നു. ഉപവാസം മൂലം ഒരുവൻ വിനയത്തെ പ്രതിനിധീകരിക്കുന്നു. ഉപവാസം മൂലം അവൻ ഭൂമിയിലെങ്കിലും സ്വർഗ്ഗവുമായുള്ള അവന്റെ ബന്ധം ശക്തിപെടുത്തുന്നു. ഉപവാസം മൂലം ദൈവത്തെ കൂടുതലായി അറിയുന്നു. ആകയാൽ ഉപവാസം കേവലം വിനയത്തിന്റെ ഒരു പ്രവൃത്തി മാത്രമോ വായിൽ ഒരു മൂടുപടം ഇട്ട്, ഭക്ഷണ പാനീയത്തിനു ഒരു നിയന്ത്രണമിടുകയോ മാത്രമല്ല. എന്ന് ഈ വാക്കിന്റെ അർഥം തന്നെ നമ്മെ ഓർമ്മപെടുത്തുന്നുണ്ട്.

**രണ്ടാമതായി**, ഉപവാസം തസോം (**צום**) എന്ന ഹീബ്രു വാക്ക് പകരം മറ്റൊരു വാക്കായ, 'ഇന്നാ നെഫെഷ്' എന്ന വാക്കാണ് മിക്കവാറും ഉപയോഗിക്കുന്നത്. ഇത് ചിലപ്പോൾ 'നിങ്ങളുടെ ആത്മാക്കളെ താഴ്ത്തുക" (**וְעִנִּיתֶם אֶת־נַפְשֹׁתֵיכֶם**) "നിങ്ങളെത്തന്നെ പീഡിപ്പിക്കുക" എന്നും വിവർത്തനം ചെയ്യപ്പെടുന്നു.

ഉപവാസ ദിവസം, എല്ലാ യഹൂദന്മാരോടും 'ഇന്നാ നെഫെഷ്' തങ്ങളുടെ ആത്മാക്കളെ താഴ്ത്താൻ പറയുന്നുണ്ട്. അതിന് കാരണമുണ്ട്.

**ഇവിടെ ആദ്യം മനസ്സിലാക്കേണ്ടത്** നെഫെഷ് എന്ന എബ്രായ പദത്തിന്റെ അർത്ഥമാണ് ; ജീവശ്വാസം/. പ്രാണനെ എന്നാണ് അർത്ഥം. ആ വാക്ക് പൂർണ്ണമായി മനസ്സിലാക്കാൻ, നാം തുടക്കത്തിലേക്ക് മടങ്ങേണ്ടതുണ്ട് ഉല്പത്തി 2:7. ദൈവം തന്റെ വചനത്തിന്റെ ശക്തിയാൽ ലോകത്തെ സൃഷ്ടിച്ചു. എന്നാൽ ദൈവം തന്റെ പ്രാണനെ അവനിലേക്ക് ഊതിയപ്പോൾ ആണ് മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നത്. വാസ്തവത്തിൽ ദൈവത്തിന്റെ പ്രാണനാണ് മനുഷ്യൻ. ഒരു ഉടമ്പടിയുടെ മൂല്യവും നെഫെഷ് എടുത്തുകാണിക്കുന്നു. യഹൂദ പാരമ്പര്യം എല്ലാ ജീവനും വിലപ്പെട്ടതാണെന്നും ഒരു നെഫെഷ് ആരംഭിക്കുന്നതും അവസാനിക്കുന്നതും നിർണ്ണയിക്കാൻ ദൈവത്തിന് മാത്രമേ അധികാരമുള്ളൂ എന്നും പഠിപ്പിക്കുന്നു. അതുകൊണ്ടാണ് യഹൂദർ ജീവൻ രക്ഷിക്കാൻ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നത്. ഒരു ചെറിയ അവസരം ഉണ്ടായാൽ പോലും ജീവൻ രക്ഷിക്കപ്പെടും.

വാസ്തവത്തിൽ ഇന്ന നെഫെഷ് എന്ന ഹീബ്രു വാക്കിന് പശ്ചാത്താപസ്വഭാവം 'ആത്മാവിന്റെ വിനയം' എന്നർത്ഥമുണ്ട്. ഇത് ഭക്ഷണപാനീയങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നതിനൊപ്പം, വൈവാഹിക ബന്ധങ്ങൾ നിരോധിക്കുക, തുകൽ ചെരുപ്പ് ധരിക്കുക, തുടങ്ങിയവ നോമ്പിന്റെ പശ്ചാത്താപ സ്വഭാവം 'ആത്മാവിന്റെ വിനയം' എന്നാണ് അർത്ഥമാക്കുന്നത്. ഒരു മനുഷ്യൻ ഒരു മുൾച്ചെടി പോലെ തല കുനിച്ച് ചാക്കുതുണിയിലും ചാരത്തിലും കിടക്ക വെയ്ക്കണം. അതിനാൽ, പ്രായശ്ചിത്ത ദിനത്തിനായി ലേവി. 16:29, 31; 23:2732 കൽപ്പിക്കപ്പെട്ട 'ഇന്നാ നെഫെഷ്' എന്നത് ഉപവാസം മാത്രമല്ല, ഉപവാസത്തിനു പുറമേ, നിലത്ത് ഉറങ്ങുകയും, വസ്ത്രം മാറാതിരിക്കുകയും, അഭിഷേകം ചെയ്യുന്നതിൽ നിന്നും അലക്കുന്നതിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന ദാവീദ് രാജാവിന്റെ 2 സാമുവേൽ 12:16 – 20, കാണും പോലെയുള്ള മറ്റ് തരത്തിലുള്ള ആത്മനിഷേധങ്ങളും ഉൾക്കൊള്ളുന്നു' എന്ന് റബ്ബികൾ പ്രഖ്യാപിക്കുന്നു.

**നമ്മുടെ നെഫെഷും സൃഷ്ടാവും തമ്മിലുള്ള അഗാധമായ ബന്ധം.**

എന്തുകൊണ്ടാണ് ഉപവാസ ദിവസം, ഭക്ഷണപാനീയങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നതിനൊപ്പം, എല്ലാ യഹൂദന്മാരോടും ഇന്ന നെഫെഷ് തങ്ങളുടെ ആത്മാക്കളെ താഴ്ത്താൻ ആവശ്യപ്പെടുന്നത്, ശബ്ബത്ത് ദിനം ഒരു ഇളവും യഹൂദന്മാർ നൽകുകയില്ല, എന്നാൽ ആ ശബ്ബത്ത് ദിനത്തിൽ പോലും ജീവനെ രക്ഷിക്കുന്നത് ശബ്ബത്ത് നിയമങ്ങളേക്കാൾ മുൻതൂക്കം 'ഇന്നാ നെഫെഷ്' നുണ്ട് എന്ന വസ്തുതയാണ് തെളിയിക്കുന്നത്. അത് മനുഷ്യന്റെ പ്രാണനോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ ആഴം കാണിക്കുന്നു. അതുകൊണ്ടുതന്നെ ദൈവത്തിന്റെ നിയമവും കൽപ്പനകളും മനുഷ്യന്റെ നെഫെഷ്./ പ്രാണൻ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ്. പാപത്തിൽ വീണുപോയ മനുഷ്യന്റെ പ്രാണനെ വീണ്ടെടുക്കാൻ ഏറെ താല്പര്യം ആണ് ദൈവം കാട്ടുന്നത്.

വാസ്തവത്തിൽ ഉപവാസം എന്നത് ആ പ്രാണന്റെ വീണ്ടെടുക്കലാണ്. നമ്മുടെ പ്രാണനെ പാപത്തിൽ നിന്ന് വീണ്ടെടുക്കുന്ന നമ്മുടെ പ്രാണന്റെ ഉടയവൻ ആണ് നമ്മുടെ ദൈവം. പ്രാണന്റെ ഉടയവൻ ആയ നമ്മുടെ ദൈവവുമായുള്ള നമ്മുടെ ബന്ധം തീക്ഷ്ണമാക്കുന്നതിനാണ്. ഇന്ന നെഫെഷ് 'ആത്മാവിന്റെ വിനയം' ആവശ്യപ്പെടുന്നത്. 'ആത്മാവിന്റെ വിനയം മാനസാന്തരത്തിനുള്ള പ്രത്യേക മാർഗങ്ങളായ പാപങ്ങളുടെ ഏറ്റുപറച്ചിൽ, പ്രാർത്ഥന, കരുണ മുതലായവയാണ്,



**വന്ദ്യ. ബെന്യാമിൻ റമ്പാൻ**
മാനേജർ കൂനൻ കുരിശ്
തീർത്ഥാടന കേന്ദ്രം, മട്ടാഞ്ചേരി

നെഫെഷ് വീണ്ടെടുക്കാനുള്ള അവസരമാണ്. നമ്മുടെ ആത്മാവും ആത്മാവിന്റെ സൃഷ്ടാവും വീണ്ടെടുപ്പുകാരനായ ദൈവമായ യഹോവയെ പൂർണ്ണ ആത്മാവോടും നമ്മുടെ എല്ലാ നെഫെഷുകളോടും കൂടി സ്നേഹിക്കണം. ഈ നോമ്പും ഉപവാസവും കുറേക്കൂടെ നമ്മെ വിനയം ഉള്ളവർ ആക്കും. സ്വർഗ്ഗവുമായുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തും.

പ്രാണന്റെ ഉടയവനായ നമ്മുടെ ദൈവത്തെ അല്പം കൂടെ ഉള്ളു തുറന്നു സ്നേഹിക്കുവാൻ കഴിയുമെങ്കിൽ ഈ ഉപവാസം നമ്മുടെ പ്രാണനെ മാത്രമല്ല നമ്മുടെ പ്രിയപ്പെട്ടവരുടെയും പ്രാണനെയും ഏറെ കരുത്തുള്ളതാക്കും.

# ഗ്രീഗോറിയൻ

**ഫെബ്രുവരി 2024**

**മകരം – കുംഭം 1199**

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**

(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
ലക്കം : 02/2024



**വെരി.റവ.ഫിലിപ്പ്.എം.സാമുവൽ**
**കോർ എപ്പിസ്കോപ്പ**
(വികാരി)
**ഫാ. ജിജോ തോമസ് പുതുപ്പള്ളി**
(സഹ. വികാരി)
**ശ്രീ. തോമസ് തരകൻ എം.ഒ.**
(ഇടവക ട്രസ്റ്റി)
**ശ്രീ. ബിനു മാത്യു**
(ഇടവക സെക്രട്ടറി)
**ശ്രീ. ജോബിൻ വർഗ്ഗീസ്**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)
**ശ്രീ. ബിജു തങ്കച്ചൻ**
(ഇടവക പ്രതിനിധി)




പ്രസാധകർ
**ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ്**
**ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)



ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
e-mail: gregorianshj@gmail.com



Vicar's Message

# "The True Fasting Is Feasting With God".



**"The Lord says to them, the truth is that even though you fast, you pursue your own interests and oppress your workers. Your fasting makes you violent and you quarrel and fight each other. When you fast, you makes yourself suffer, Is that what you call fasting? Do you think this kind of fasting will make me listen to your prayer and pleased within that? The kind of fasting I want is this, Remove the chains of oppression and the yoke of injustice and let the oppressed go free. Share your food with the hungry and open your homes to the homeless poor. Give clothes to those who have nothing to wear and do not refuse to help your own relatives. Then my favor will shine on you and your wounds will be quickly healed. I will always be with you to save and protect you". (Isaiah 58: 4-8).**

Dearly beloved in Christ,
Prayerful and loving greetings to you all.
The Great Lent begins on Monday 12th February. The fifty days lent is the most important among the five canonical Lents of the Church. During this period we meditate the divine act of our Lord Jesus Christ for the sake of the humankind and identify with His passion, crucifixion and resurrection through intense prayer, fasting, meditation and doing good deeds to please God. The Cross at Calvary and salvation through it, is the special plan of God for the sake of His creation, which is beyond the human understanding and rational capacity. It is the supreme manifestation of God's love and mercy towards His creation. St. John teaches that "God so loved the world that He gave His only Son that whoever believes in Him should not perish but have eternal life". (St. John 3:16). St. Paul says that by His abundant and indefinable love, God Himself gave up all divine powers and authorities, emptied Himself and came in the likeness of man". (Philip 2:7). "God shows His own love towards us in that while we were still sinners, Christ died for us". (Romans 5:8).
The Church exhorts us to observe Lent with true spirit of purity and self-submission. Turn away from our own ways and turn to God through the right spirit of repentance and renewal is the aim of the observance of Lent. For this, we do kneel down before God by beseeching "Lord, have mercy and kind upon us". We do this act to mark our penitence and renewal of our loyalty and commitment towards God. Also, we believe that God forgive us and sustain us in the right relationship with Him. Reconciliation with God and our fellow beings is very essential for leading a blissful and fruitful life. When we forgive with others, God will also forgive with us. Our Father in heaven is so affectionate, the cost of His forgiveness reveals at Calvary. It is this love, mercy and forgiveness that underlies the whole mystery of Incarnation must fill in our hearts while we observe the great Lent.
The practice of fasting is the major factor which enrich the observance of Lent. Through fasting we attain the strength and discipline to abstain from worldly affairs and perishable matters. Abstinence from worldly and fleshly matters we dedicate ourselves for Godly affairs and develop the communion with Him. This spiritual exercise helps us to become more disciplined and enable us to maintain a God centered life. It conditions our mind, body and soul. It enables us to radiate the divine rays of virtues in our life and activities. The enlightenment and transformation of the whole being is the expected result of the observance of Lent. The Church Fathers taught us that "Fasting is feasting with God". As we are well aware about the condition of the present world which is engulfed with satanic forces and worldly passions it is our duty to put on the armor of divinity to fight against him. Also, Fasting is very much helpful to regain spiritual, physical and mental health.
Observance of Lent and Fasting prevailed in all major religions from time immemorial. Church Fathers teach that the principle of Fasting is involved in the regulations of food given to Adam. Moses observed fasting before he received the tablets of commandments from God. Elijah observed the same prior he ascended to heaven. Old Testament people observed fasting during the time of mishap and sorrows. (1Sam.7:6, judges 20:26, 2 Deuteronomy 20:3). Jesus Christ defeated the temptation of Satan by his forty days fasting. He taught us that it is impossible to defeat Satan without prayer and fasting. The Fasting helps us to attain victory over the internal and external temptations of sin.
Let us observe Lent and Fasting in its true spirit and commitment through which we can become more vibrant and radiant by defeating the evil and equip for a fruitful life.
May God bless us all.




**Philip M. Samuel**
**Cor Episcopos, Vicar**

# സത്യവിശ്വാസത്തിന്റെ സംരക്ഷകൻ

സ്വന്തം ലേഖകൻ



അഗ്നിപരീക്ഷണങ്ങളുടെ കാലഘട്ടത്തിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അകത്തും പുറത്തും വിരുദ്ധ ശക്തികളെ നേരിട്ട്, ജീവാപായത്തെപ്പോലും വകവയ്ക്കാതെ കാൽ ശതാബ്ദക്കാലം സഭയെ നയിച്ച് കാതോലിക്കാ സിംഹാസനം സ്ഥാപിച്ചു സഭയുടെ സ്വാതന്ത്ര്യം നിലനിർത്തി ഉറപ്പിച്ച വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി സഭയുടെ ഭാസുരൻ തന്നെയാണ്.

യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേയ്ക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു എന്ന സങ്കീർത്തന ഭാഗം തിരുമേനിയുടെ ജീവിതത്തിൽ സാക്ഷാത്ക്കരിച്ചതായി കാണാം.

കാപട്യമില്ലാത്ത ദൈവഭക്തൻ, സത്യവിശ്വാസത്തിന്റെ സംരക്ഷകൻ, സമാധാന കാംഷിയായ ഇടയൻ, വേദശാസ്ത്ര പണ്ഡിതൻ, കർമ്മധീരനായ മേല്പട്ടക്കാരൻ, സ്വാതന്ത്ര്യദാഹിയായ ഭരണകർത്താവ്, കളങ്കരഹിതനായ താപസൻ, ന്യായാധിപന്മാർ അത്ഭുതപ്പെടുത്തിയ നീതി പാലകൻ എന്നിങ്ങനെ നീണ്ടുപോകുന്നു അദ്ദേഹത്തെപ്പറ്റി മറ്റുള്ളവരിൽനിന്ന് കേട്ടിട്ടുള്ള ഗുണ ഗണങ്ങൾ. ഇവയെല്ലാം തന്നെ അദ്ദേഹത്തിന്റെ ദൈവാശ്രയത്തിൽനിന്നും, പരിശുദ്ധനായ പരുമല തിരുമേനിയുടെ ശിക്ഷണത്തിൽനിന്നും, പ്രഗത്ഭനായ പുലിക്കോട്ടിൽ തിരുമേനിയുടെ പരിശീലനത്തിൽനിന്നും, ലഭിച്ചതാണ്. സർവ്വശക്തനായ ദൈവത്തിന്റെ കൃപ അദ്ദേഹത്തോട് കൂടെ എല്ലായ്പ്പോഴും ഉണ്ടായിരുന്നു.

പരിശുദ്ധന്മാർക്കു പരിശുദ്ധി നൽകുന്നവനായ ദൈവം' എന്ന യാക്കോബിന്റെ തക്സായിലെ പരാമർശം സർവ്വവിധത്തിലും അന്വർത്ഥമാക്കിയ ഒരു വ്യക്തിയായിരുന്നു മലങ്കരസഭ ഭാസുരൻ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്. ബാഹ്യ പ്രകടനങ്ങൾ ഇല്ലാതെ ആന്തരീയ ചൈതന്യം വ്രതാനുഷ്ഠാനങ്ങളിലൂടെ യാഥാർഥ്യമാക്കിയ ആ യോഗിവര്യൻ അനന്യ സാധാരണമായ ധീക്ഷണ ശക്തിയുടെ അതുല്യ ശ്രോതസ്സായിരുന്നു. വ്യക്തമായ ദിശാ ബോധത്തോടെ തന്റെ ആടുകളെ നയിക്കുന്നതിന് ദൈവത്തിൽനിന്നു പ്രത്യേക വരദാനം ലഭിച്ച ആ സത്യ ഇടയന് കൈമുതലായി ഉണ്ടായിരുന്ന ശ്രേഷ്ഠമായ വ്യക്തി പ്രഭാവവും അർഷണ ശുശ്രൂഷയും ധൈര്യവും മന:സാന്നിധ്യവും മറ്റനേകരിൽനിന്നു അദ്ദേഹത്തെ വ്യത്യസ്തനാക്കി. ഇടയത്വ ശുശ്രൂഷ ഒരു ജോലിയെക്കാൾ ഒരു ജീവിതം ആയിരുന്നു അദ്ദേഹത്തിന്.

മലങ്കര സഭയുടെ സ്വാതന്ത്ര്യവും തനിമയും എഡി 52 മുതലുള്ള ജന്മാവകാശമാണന്നു തിരിച്ചറിഞ്ഞ സഭാ സ്നേഹി ആയിരുന്നു മാർ ദിവന്നാസിയോസ്. മോശയെപ്പോലെ പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്, തിന്മയുടെയും അധർമ്മത്തിന്റെയും കറപുരളാതെ, വെടിപ്പിലും വിശുദ്ധിയിലും ജീവിച്ച ഒരത്ഭുതമായിരുന്നു. പരിശുദ്ധന്റെ മധ്യസ്ഥത നമുക്ക് കാവലും കോട്ടയും, ആയിരിക്കട്ടെ.

## വചനസുധ

*സത്യ അനുതാപം എന്ന് പറയുന്നത് ചെയ്തുപോയ പാപങ്ങൾക്കുവേണ്ടി ദു:ഖിച്ചു മാപ്പു ചോദിക്കുകയും ചെയ്തുവരുന്ന പാപങ്ങളിൽനിന്നു ഒഴിയുകയും, മേലിൽ ദൈവത്തിനിഷ്ടമാവണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കുമെന്ന് മനസ്സിൽ ഉറയ്ക്കുകയും ചെയ്യുന്നതാകുന്നു.*

*( പരി.വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി )*

# 1924 ഏപ്രിൽ 25 ഞായറാഴ്ച പ: വട്ടശ്ശേരി പിതാവ് ഏലിയാ കത്തീഡ്രലിൽ വച്ചു നടത്തിയ ഒരു പ്രസംഗം


കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ!

നമ്മുടെ സഭയിൽ കഴിഞ്ഞ 14 സംവത്സരങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കുഴപ്പത്തിൽ നിന്ന് ഒരു സമാധാനം ഉണ്ടായി കാണ്മാൻ സഭയുടെ മക്കൾ കണ്ണുനീരോടുകൂടി ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ എങ്ങിനെ എങ്കിലും സമാധാനം ഉണ്ടാകട്ടെ എന്നു വിചാരിക്കുന്നു എങ്കിൽ അതു ശരിയായ സമാധാനത്തിനുള്ള മാർഗ്ഗമല്ല. സത്യത്തെയും നീതിയെയും അടിസ്ഥാനപ്പെടുത്തിയാണ് സമാധാനം ഉണ്ടാകേണ്ടത്. വിശ്വാസത്തിനു ഭംഗം വരുത്തി സമാധാനം ഉണ്ടാകണം എന്ന് ആരും വിചാരിച്ചു കൂടാത്തതാകുന്നു. നമ്മുടെ അൽവാറീസു മെത്രാച്ചനെ നിങ്ങൾ അറിയുമല്ലൊ. അദ്ദേഹം മരിച്ചിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയുള്ളു. തൊണ്ണൂറിലധികം വയസ്സു ചെന്നാണ് അദ്ദേഹം മരിച്ചത്. അദ്ദേഹം, താൻ പിടിച്ചിരുന്ന വിശ്വാസത്തിൽ നല്ല ഉറപ്പുള്ളവനായിരുന്നു. അദ്ദേഹം ആയുസ്സിന്റെ ഒടുവിൽ താമസിച്ചിരുന്നത് ഗോവാ പട്ടണത്തിൽ ആയിരുന്നു. അവിടെ അദ്ദേഹത്തിന്റെ വിശ്വാസത്തിൽ ഉൾപ്പെട്ടതായി വേറെ ആരും ഉണ്ടായിരുന്നില്ല. ചുറ്റും റോമാക്കാർ ആയിരുന്നു. ഹിന്ദുക്കളിലും, ഉദ്യോഗസ്ഥന്മാരിലും വലിയ ആളുകൾ അദ്ദേഹത്തിനു സ്നേഹിതന്മാരായി ഉണ്ടായിരുന്നു. അവരോടു മരണത്തിനു മുമ്പ് അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു – ഞാൻ എന്റെ മരണക്കിടക്കയിൽ കിടക്കുമ്പോൾ വല്ല റോമാ പട്ടാളക്കാരും വന്ന് എന്നോട് എന്റെ വിശ്വാസം ഉപേക്ഷിക്കണമെന്നൊക്കെ ഗുണദോഷിക്കുമായിരിക്കും. എന്റെ ക്ഷീണം കൊണ്ടോ മറ്റു വിധത്തിലോ ഞാൻ എന്റെ തല അനക്കുകയോ മാറ്റുകയോ ചെയ്തു എന്നു വരാം. അതു കണ്ടിട്ട് അവർ പറഞ്ഞതിനെ ഞാൻ സമ്മതിച്ചിരിക്കുന്നു എന്നു ഘോഷിച്ചു തുടങ്ങും. അങ്ങിനെ വരാതിരിക്കാൻ നിങ്ങളെ സാക്ഷിക്ളാക്കി ഇപ്പോൾതന്നെ ഞാൻ ഇതു പറയുന്നതാകുന്നു. ഞാൻ എന്റെ വിശ്വാസത്തെ ഒരിക്കലും മരണക്കിടക്കയിൽ പോലും ഉപേക്ഷിക്കുന്നതല്ലാ. അങ്ങിനെ ഉപേക്ഷിക്കുന്നതായി ആരെങ്കിലും പറഞ്ഞാൽ അതു തെറ്റാണെന്നുള്ളതിനു നിങ്ങൾ സാക്ഷികളാകുന്നു.

അദ്ദേഹത്തിന്റെ വിശ്വാസം എത്ര ഉറപ്പുള്ളതായിരുന്നു എന്നു നിങ്ങൾ മനസ്സിലാക്കുവിൻ. സമാധാനത്തിനുവേണ്ടി ഒരുത്തൻ തന്റെ വിശ്വാസത്തെ ഉപേക്ഷിക്കയോ മനഃസാക്ഷിക്ക് എതിരായി പ്രവർത്തിക്കയോ ചെയ്യാൻ നിവൃത്തിയില്ല. പാത്രിക്കീസായാലും മെത്രാപ്പോലീത്തായായാലും ആരായാലും അങ്ങനെ ചെയ്യാവുന്നതല്ല. നമ്മുടെ കർത്താവു ലോകത്തെ പിതാവായ ദൈവത്തോടു നിരപ്പാക്കുവാൻ വന്നതാകുന്നു. എന്നാൽ സാപ്രെന്മാരും പ്രീശെന്മാരും തന്നെ പിടിച്ചപ്പോൾ സമാധാനത്തിനുവേണ്ടി അവർ ആവശ്യപ്പെട്ടവണ്ണം ഒക്കെ ചെയ്യാമായിരുന്നു. എന്നിട്ട് താൻ അങ്ങിനെ ചെയ്തില്ല. അങ്ങിനെ അവിടുന്നു ചെയ്തിരുന്നു എങ്കിൽ ഭാവിയിൽ വരാനുള്ള വലിയ സമാധാനം – അതായതു പിതാവായ ദൈവത്തോടു ലോകത്തെ സമാധാനപ്പെടുത്തുക എന്നുള്ളത് – സാധിക്കയില്ലായിരുന്നു. അതിനാൽ കർത്താവു സകല കഷ്ടതയും ആ വലിയ സമാധാനത്തിനുവേണ്ടി സഹിക്കാമെന്നാണു വച്ചത്. ഞാൻ പറഞ്ഞതു സാധിക്കണം എങ്കിലേ സമാധാനം ഉണ്ടാകയുള്ളു എന്ന് ഒരുവൻ പറയുന്നു എങ്കിൽ അതു നിഗളമാകുന്നു. എന്നാൽ സത്യവും വിശ്വാസവും ഇന്നതാണെന്ന് ഒരുവൻ നല്ലപോലെ ഗ്രഹിച്ചിട്ട് അവയ്ക്ക് ഭംഗം വരുത്താതെ അവയിൽ സ്ഥിരമായി നിൽക്കുന്നു എങ്കിൽ അതു നല്ലതാകുന്നു. സഭയുടെ വിശ്വാസത്തിന് എതിരായിട്ട് വിധി അങ്ങിനെയുണ്ട് ഇങ്ങിനെയുണ്ട് എന്നൊക്കെ എന്നും ഓരോരുത്തൻ പറയുന്നു എങ്കിൽ അതു നമുക്കു സ്വീകരിക്കത്തക്കതല്ല. സഭയുടെ അടിസ്ഥാനങ്ങൾക്കും വിശ്വാസത്തിനും വിരോധവും ആകുന്നു. ഇതുകൊണ്ടാക്കെ പ്രിയരെ, സമാധാനത്തിനുള്ള വഴി നാം കാണുന്നില്ല. എന്നാൽ ദൈവത്തിനു കഴിയാത്തത് ഒന്നും ഇല്ലല്ലോ. ദൈവം തന്നെ സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിത്തരട്ടെ. അതിനായിട്ട് നിങ്ങൾ കണ്ണുനീരോടുകൂടി പ്രാർത്ഥിപ്പിൻ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ..... ആമ്മീൻ

# അനശ്വരം അതിമധുരം കൗമാരം

## കാര്യം നിസാരമല്ല. വീക്ഷണ പരമ്പര – 4



**ജിജോ പുതുപ്പള്ളി അച്ചൻ**
**സഹ വികാരി**



ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണ് കൗമാരം. കുട്ടിപ്രായത്തിൽനിന്ന് പ്രായപൂർത്തിയായി യൗവ്വനത്തിലേക്ക് പ്രവേശിക്കുന്നത് കൗമാരത്തിലൂടെ യാണ്. വ്യക്തിയുടെ തനത് സ്വഭാവ സവിശേഷതകളും കഴിവുകളും പൂർണത പ്രാപിക്കുന്നതും കൗമാരത്തിലാണ്. കൂടാതെ ജീവിതത്തിലെ ഏറ്റവും ആസ്വാദ്യകരമായ കാലയളവും കൗമാരമാണ്. അതുകൊണ്ടുതന്നെ ആരോഗ്യവും ആനന്ദവും നിറഞ്ഞ കൗമാരം വ്യക്തിവികാസത്തിന് അനിവാര്യമാണ്.

**കൗമാരം**

പത്തുമുതൽ ഇരുപതു വയസുവരെയുള്ള കാലയളവാണ് പൊതുവെ കൗമാരം എന്നത് കൊണ്ടുദ്ദേശിക്കുന്നത്. അതിൽതന്നെ ആദ്യത്തെ അഞ്ചുവർഷം ആദ്യകാല കൗമാരവും പിന്നീടുള്ള അഞ്ചുവർഷം അവസാനകാല കൗമാരവും എന്നും വിവക്ഷിക്കാം. ഒരു കുട്ടി പ്രായപൂർത്തി പ്രാപിച്ച് യൗവ്വനത്തിലേക്ക് കടക്കുന്നത് കൗമാരത്തിലൂടെയാണെന്ന് പറഞ്ഞല്ലോ. ആദ്യകാല കൗമാരത്തിൽ വ്യക്തി കൂടുതലും കുട്ടിപ്രകൃതവും അവസാനകാല കൗമാരത്തിൽ വ്യക്തി കൂടുതലും മുതിർന്ന പ്രകൃതവും കാണിക്കുന്നു.

**കൗമാരത്തിന്റെ പ്രത്യേകതകൾ**

വർധിച്ച തോതിലുള്ള ശാരീരിക മാനസിക വ്യതിയാനങ്ങളാണ് കൗമാരത്തിന്റെ പ്രത്യേകതകൾ. ഒരു കുഞ്ഞ് ജനിച്ച് ആദ്യത്തെ അഞ്ചുവർഷത്തോളം ആണും പെണ്ണും തമ്മിൽ പ്രത്യേക വ്യത്യാസങ്ങളൊന്നും പ്രകടമാകാതെ കഴിയുന്നു. ഏതാണ്ട് പത്തുവയസാകുമ്പോഴേക്കും മാനസിക വ്യാപാരങ്ങളിലും സ്വഭാവ പെരുമാറ്റ രീതികളിലും ആൺപെൺ വ്യത്യാസം പ്രകടമായി വരും. അപ്പോഴും ശാരീരിക മാറ്റങ്ങൾ വളരെ പതുക്കയേ നടക്കുന്നുള്ളൂ. എന്നാൽ പിന്നീടങ്ങോട്ട് വളരെ വേഗത്തിലും വർധിച്ചതോതിലും ശാരീരിക മാറ്റങ്ങളും അതിനുചേരും വിധം മാനസിക മാറ്റങ്ങളും ഉണ്ടാകുന്നു.

ശാരീരികമായ മാറ്റങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ ആൺകുട്ടികളിൽ സ്വരംകനക്കുകയും താടിയും മീശയുമൊക്കെ വളരുകയും ചെയ്യുന്നു. ശരീര പേശികൾ ബലംവെയ്ക്കുകയും പരുക്കനാവുകയും ചെയ്യുന്നതും ഇക്കാലത്താണ്. പെൺകുട്ടികളിൽ ശരീരവടിവുകൾ പ്രത്യക്ഷമായി ശരീരം കൂടുതൽ സ്ത്രൈണമായി മാറുന്നു. തലമുടി നീളം വെയ്ക്കുന്നത് പോലുള്ള മാറ്റങ്ങളും ഉണ്ടാകുന്നു. ഇരുകൂട്ടരിലും വർധിച്ച തോതിൽ ഉയരവും തൂക്കവും കൂടുന്നു. തദനുസൃതമായ മാറ്റങ്ങൾ മാനസിക തലത്തിലും ഉണ്ടാകുന്നു. സ്വന്തമായ ഇഷ്ടാനിഷ്ടങ്ങളും സ്വഭാവ സവിശേഷതകളും ഉണ്ടാകുന്നു എന്നുമാത്രമല്ല ക്രമേണ അത് തുറന്നുപറയുകയും, ഒടുവിൽ ആവശ്യപ്പെട്ട് ബലമായി അവ നേടിയെടുക്കുകയും ചെയ്യുന്നു.

ഒരു പുഴു പ്യൂപ്പയിൽ നിന്നും ശലഭമായി വിരിയുന്നതുപോലെ ഒരാളുടെ വ്യക്തിത്വം വിരിഞ്ഞിറങ്ങുന്നു. സത്യത്തിൽ കൗമാരപ്രായത്തിലെ ആരോഗ്യ പ്രശ്നങ്ങളിൽ ഏറിയപങ്കും ഇപ്പറഞ്ഞ മാറ്റങ്ങളുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ കുട്ടികളിൽ കണ്ടുവരുന്നതായി മാതാപിതാക്കൾ പങ്കുവച്ച ചില ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ ശ്രമിക്കുകയാണിവിടെ . എല്ലാ ചോദ്യങ്ങളും ഒരുമിച്ച് വിവരിക്കുവാൻ സാധിക്കാത്തതുകൊണ്ട് പല ലക്കങ്ങളായി ഞങ്ങൾ മറുപടി നൽകുവാൻ ശ്രമിക്കുന്നതാണ് . ഏതെങ്കിലും വിഷയങ്ങളെ സംബന്ധിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ **frvply@gmail.com** എന്ന വിലാസത്തിൽ ചോദ്യങ്ങളോ അഭിപ്രായങ്ങളോ അറിയിക്കാവുന്നതാണ് .

**Q.1. ഇപ്പോഴത്തെ കുട്ടികൾക്കു അറിയാത്തതായി ഒന്നുമില്ല, അവരെ എങ്ങനെ നമ്മൾ കൈകാര്യം ചെയ്യും?**

A.ഓരോ കുട്ടിയെയും വ്യത്യസ്ത സ്വഭാവമുള്ള വ്യക്തികളായി കാണാൻ ശ്രമിക്കണം, അവർക്ക് അവരുടേതായ ഇഷ്ടങ്ങളും കാഴ്ചപ്പാടുകളും ചെറുപ്പം മുതലേ കണ്ടുവരുന്നു, അതിനാൽ നമ്മുടെ താല്പര്യങ്ങൾ അവരിൽ അടിച്ചേൽപിക്കാൻ ശ്രമിച്ചാൽ അത് വിപരീതമായി ബാധിക്കാനാണ് സാധ്യത. അവരുടെ താല്പര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി അവർക്കുവേണ്ട പിന്തുണ കൊടുക്കാൻ കഴിയുമ്പോഴാണ് ഒരു രക്ഷിതാവ് എന്ന നിലയിൽ നിങ്ങൾ വിജയിക്കുക.

വീടും മാതാപിതാക്കളുമാണ് കുട്ടികളിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്നത്. വീട്ടിലെ സാഹചര്യം മോശമായാൽ അത് കുട്ടികളുടെ മനസ്സിനെ പ്രതികൂലമായി ബാധിക്കും. മാതാപിതാക്കൾ തമ്മിൽ സ്നേഹമില്ലാത്ത വീട്ടിലെ കുട്ടികൾ സ്വാർത്ഥരായിരിക്കും . പലപ്പോഴും വിവാഹം പോലും വേണ്ട എന്ന് തീരുമാനിക്കുന്ന യൗവ്വനക്കാരിൽ കുടുംബത്തിലെ സാഹചര്യം വളരെ സ്വാധീനിച്ചിട്ടുണ്ട്. മാതാപിതാക്കളുടെ പരസ്പരമുള്ള കുറ്റപ്പെടുത്തലും ഒറ്റപ്പെടുത്തലും കുട്ടികളുടെ മനസ്സിനെ നോവിക്കുകയും വ്യണപ്പെടുത്തുകയും ചെയ്യും. അങ്ങനെയുള്ള വീട്ടിലെ കുട്ടികൾ പഠനത്തിലും ജീവിത നിലവാരത്തിലും പുറകിലായിരിക്കും.

**Q.2. കൗമാരക്കാർ കടന്നുപോകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?**

A.പ്രായപൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന ശാരീരികവും, വൈകാരികവും, വൈജ്ഞാനികവും, സാമൂഹികവുമായ മാറ്റങ്ങൾ ഉൾപ്പെടെ കൗമാരക്കാരെ ബാധിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. ഏത് പ്രായത്തിലുള്ളവരെയും പോലെ കൗമാരക്കാർക്കും കോപവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അനുഭവപ്പെടാം. ഹോർമോൺ മാറ്റങ്ങൾ, സമ്മർദം, നിരാശ, ബാഹ്യസ്വാധീനങ്ങൾ, ആത്മീയ ജീവിതത്തെക്കുറിച്ചുള്ള വിമർശനാത്മക ചിന്തകൾ , സമപ്രായക്കാർ തുടങ്ങി വിവിധ ഘടകങ്ങളിൽ നിന്ന് ഇവ ഉണ്ടാകാം. അക്കാദമിക് സമ്മർദവും , കുടുംബപ്രശ്നങ്ങളും , നിരാശയും, വിഷാദവും, അക്ഷമയും, നിഷേധാത്മകമായ സ്നേഹിതരുടെ സ്വാധീനവും, പ്രതിസന്ധികളെ നേരിടാനുള്ള കഴിവുകളുടെ അഭാവവുമൊക്കെ കൗമാര പ്രശ്നങ്ങളിലേക്ക് നയിക്കുന്ന ഏതാനം കാരണങ്ങളാണ്.

**പരിഹാര മാർഗ്ഗങ്ങൾ**

ദൈവത്തോടുള്ള സ്നേഹവും ഭക്തിയും വിശ്വാസവും കുട്ടികളിൽ വർദ്ധിപ്പിച്ചാൽ തന്നെ അവരിൽ പ്രകടമായ മാറ്റങ്ങൾ കണ്ടുതുടങ്ങും. അതിന് മാതാപിതാക്കൾ മാതൃകയായെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. സഹാനുഭൂതി, ക്ഷമ, മനസ്സിലാക്കൽ എന്നിവയോടെ ഈ പ്രശ്നങ്ങളെ സമീപിക്കേണ്ടത് നിർണ്ണായകമാണ്. തുറന്ന ആശയവിനിമയം പ്രോത്സാഹിപ്പിക്കുക, കുട്ടികളുമായി സംസാരിക്കാൻ മാതാപിതാക്കൾ സമയം കണ്ടെത്തുക. ശകാരത്തിന് പകരം സ്നേഹത്തോടെ പെരുമാറുക. ഒപ്പം ഉണ്ട് എന്ന തോന്നൽ മാതാപിതാക്കളിൽനിന്ന് കുട്ടികൾക്ക് ഉണ്ടാകേണ്ടത് പ്രധാനമാണ്. ഒരാളുടെ സഹായമോ ഉപദേശമോ ആവശ്യമെന്ന് തോന്നിയാൽ അത് ചോദിക്കുന്നത് ശരിയാണെന്ന് അവരെ മനസ്സിലാക്കിക്കൊടുക്കുക. കോപവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുകയോ കഠിനമാവുകയോ ചെയ്താൽ, ഒരു മാനസികാരോഗ്യ വിദഗ്ധന്റെയോ കൗൺസിലറുടെയോ മാർഗ്ഗനിർദേശം തേടുന്നതും നല്ലതാണ്.

**Q.3. എന്താണ് കുട്ടികളിലുണ്ടാകുന്ന ആത്മഹത്യാ പ്രവണതയ്ക്ക് കാരണം?**

A.ബാല്യകാല ആത്മഹത്യ പ്രവണത വളരെ ആഴത്തിലുള്ള ഒരു പ്രശ്നമാണ്. സഹാനുഭൂതി, മനസ്സിലാക്കൽ, പ്രതിരോധത്തോടുള്ള പ്രതിബദ്ധത എന്നിവയോടെ അതിനെ സമീപിക്കേണ്ടത് പ്രധാനമാണ്. ഒരു കുട്ടിയെ ആത്മഹത്യാ ചിന്തകളിലേക്കും പെരുമാറ്റങ്ങളിലേക്കും നയിക്കുന്ന ദുർബലതയ്ക്ക് കാരണമാകുന്ന നിരവധി സങ്കീർണ്ണ ഘടകങ്ങളുണ്ട്. സ്നേഹിക്കാൻ ആരുമില്ലെന്ന തോന്നൽ, ഭീഷണിപ്പെടുത്തൽ, കുടുംബപ്രശ്നങ്ങൾ, അക്കാദമിക് സമ്മർദം, പദാർത്ഥ ദുരുപയോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയാണ് കുട്ടികളിൽ ആത്മഹത്യ പ്രവണത ഉണ്ടാകുവാനുള്ള പ്രധാന കാരണങ്ങൾ . ജീവിതത്തിൽ പരാജയപ്പെടുന്നു എന്ന തോന്നലാണ് ഇനിയും ജീവിച്ചിട്ട് കാര്യമില്ല എന്ന ചിന്ത കൊണ്ടുവരുന്നത് .

**പരിഹാര മാർഗങ്ങൾ**

നിന്നെ സ്നേഹിക്കുന്ന ഒരു ദൈവം നിനക്കുണ്ടെന്ന ആഴമായ ബോധ്യം കുട്ടിക്ക് ചെറുപ്പം മുതലേ പകർന്ന് കൊടുക്കണം . ഏത് സാഹചര്യത്തിലും ദൈവം തന്നെ കൈവിടില്ല എന്ന് ബോധ്യപ്പെട്ടാൽ കുട്ടിയിൽ വലിയ ധൈര്യത്തിന് അത് കാരണമാകും. അതോടൊപ്പം ഞങ്ങളും നിന്റെ ഒപ്പം ഉണ്ട് എന്ന് കുട്ടിയെ ബോധ്യപ്പെടുത്തുവാൻ മാതാപിതാക്കൾക്ക് സാധിക്കണം. തുറന്ന ആശയവിനിമയം, സുരക്ഷിതമായ പരിസ്ഥിതി, ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ജീവിതത്തിന്റെ പ്രാധാന്യത്തെകുറിച്ച് കുട്ടികളിൽ അവബോധം വളർത്തുകയും ചെയ്യുക. അല്പംകൂടി സ്നേഹത്തോടെ അവരോട് പെരുമാറുക. സ്നേഹം ഉള്ളിൽ ഉണ്ടായിട്ട് കാര്യമില്ല അത് പ്രകടിപ്പിക്കുവാൻ സാധിക്കണം .

**Q.4. കുട്ടികളിലെ മൊബൈൽ അഡിക്ഷൻ എങ്ങനെ കുറയ്ക്കാം?**

A.ഒരു രക്ഷിതാവ് എന്ന നിലയിൽ, മൊബൈൽ ഫോണുകൾ കുട്ടികളിൽ ഉണ്ടാക്കുന്ന ദോഷഫലങ്ങളെക്കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കണം. പെരുമാറ്റ പ്രശ്നങ്ങൾ, ഗാഡ്ജെറ്റിനോടുള്ള ആസക്തി, വിഷാദം, ഉറക്ക അസ്വസ്ഥതകൾ, അമിതവണ്ണം, ശ്രദ്ധക്കുറവ്, അമിതമായ ദേഷ്യം തുടങ്ങിയവ മൊബൈൽഫോണിന്റെ ദുരുപയോഗം മൂലം സംഭവിക്കാവുന്ന പ്രത്യാഘാതങ്ങളാണ്.

**പരിഹാര മാർഗ്ഗങ്ങൾ**

നിങ്ങളുടെ കുട്ടി മൊബൈൽ ഉപയോഗിക്കുന്നതിനു മുമ്പു തന്നെ ഗൃഹപാഠം, പഠനം, മറ്റു വീട്ടുകാര്യങ്ങൾ എന്നിവ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പു വരുത്തുക. എന്തൊക്കെ കാര്യങ്ങൾക്ക് ആയിരിക്കണം മുൻഗണന കൊടുക്കേണ്ടതെന്ന് കുട്ടികളെ പരിശീലിപ്പിക്കാൻ ഇത് നമ്മളെ സഹായിക്കും. കുട്ടികൾക്ക് ഉണ്ടാവുന്ന വിരസത അല്ലെങ്കിൽ ബോറടിയാണ് മൊബൈൽ ഉപയോഗത്തിലേക്ക് അവരെ നയിക്കുന്നത്, കുട്ടികളെ രസകരമായ മറ്റു പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടത് മാതാപിതാക്കളുടെ ചുമതലയാണ്. ഭക്ഷണം കഴിച്ചാൽ മൊബൈൽ തരാം, പഠിച്ചാൽ മൊബൈൽ തരാം എന്നുള്ള വാഗ്ദാനങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുക. മൊബൈൽ ഉപയോഗത്തിനായി ഒരു നിശ്ചിത സമയം തീരുമാനിക്കുക.

(തുടരും.)



# ഫെബ്രുവരി മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

ഫെബ്രുവരി 02




പത്രോസ് മാർ ഒസ്താത്തിയോസ്
കർമ്മേൽ ദയറാ,കണ്ടനാട്

ഫെബ്രുവരി 03



വിലാപക്കാരിൽ പ്രധാനിയായ
മാർ ബർസൗമാ

ഫെബ്രുവരി 09



മാത്യൂസ് മാർ എപ്പിഫാനിയോസ്
സെന്റ് തോമസ് കത്തീഡ്രൽ, കൊല്ലം

ഫെബ്രുവരി 16



സഭാരത്നം
ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്
സെന്റ് പോൾസ് ചാപ്പൽ. മാവേലിക്കര

ഫെബ്രുവരി 23



പരി. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്
തിരുമേനി
പഴയ സെമിനാരി, കോട്ടയം

ഫെബ്രുവരി 23



തോമസ് മാർ മക്കാറിയോസ്
ദേവലോകം അരമന

## WORSHIP TIMING

| | | |
|---|---|---|
| Sunday | : 6.15 am | - Night Prayer , 7.00 am - Morning Prayer |
| | : 8.00 am | - Holy Qurbana |
| Sunday Evening | : 6.15 pm | - Evening Prayer |
| | : 7.00 pm | - Holy Qurbana |
| Tuesday | : 7.30 pm | - Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | : 7.30 pm | - Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | : 6.45 pm | - Evening Prayer |
| | : 7.30 pm | - Holy Qurbana |
| Saturday | : 4.45 am | - Night Prayer, 5.15 am - Morning Prayer |
| | : 5.45 am | - Holy Qurbana |

## വി. വേദവായന കുറിപ്പ്

| | |
|---|---|
| February- 2 | : Mayaltho (Entry of our Lord into the temple) St. Luke 2: 22-40 |
| February-04 | : All the Departed Faithful St. Luke 12: 32-48 |
| February-11 | : First Sunday of 50 days Lent (Kothine Sunday-Pethrutha of the Great Lent) St. John 2: 1-11 |
| February-18 | : Second Sunday of Fifty days Lent (Lepers' Sunday) St. Luke 5: 12-16, 4: 40-41 |
| February-25 | : Third Sunday of Fifty days Lent (Palsy Sunday) St. Mark 2: 1-12 |

- വലിയനോമ്പ് കാലയളവിൽ ഞായറാഴ്ചകളിൽ വൈകുന്നേരം വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല.
- എല്ലാ ബുധനാഴ്ചകളിലും ഉപവാസ പ്രാർത്ഥന രാവിലെ 10 മണിമുതൽ ഉണ്ടായിരിക്കുന്നതാണ്.

# ദൈവം ഉപയോഗിച്ച മനുഷ്യൻ

സ്വന്തം ലേഖകൻ



ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക് എന്ന് തലമുറകളെ പാടി പഠിപ്പിച്ച വന്ദ്യ പിതാവാണ് അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി. പാവങ്ങളുടെ പക്ഷം ചേർന്ന് അവർക്കായി പ്രവർത്തിച്ച പിതാവ്. 'മറക്കല്ലേ മക്കളെ ദരിദ്ര രൂപങ്ങളെ' എന്ന് അവസാന ശ്വാസത്തിലും, നമ്മെ ഓർമ്മിപ്പിച്ച പിതാവ്. അതെ പാവങ്ങളുടെ പാവപ്പെട്ട ബിഷപ്പ്.

ലളിതമായ ജീവിത ശൈലികളിലൂടെയും, പ്രവാചക തുല്യമായ പ്രസംഗങ്ങളിലൂടെയും ഈ പിതാവ് ജനങ്ങളുടെ മനസ്സിനുള്ളിലേക്കു ഓടിക്കയറി തീ പാറുന്ന വാക്കുകൾ ആയിരുന്നു അദ്ദേഹത്തിന്റേത്. 'സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം' എന്ന് പറഞ്ഞു തലമുറകൾക്കു സുവിശേഷ വെളിച്ചം പകർന്നു നൽകിയ ഈ പിതാവിനെ മലങ്കരയുടെ ആധുനിക പൗലോസ് ശ്ലീഹ എന്ന് നിസംശയം വിശേഷിപ്പിക്കാം. നിശ്ചയമായും സുവിശേഷ വയലുകളിൽ തിരുമേനി വിതച്ച വിത്തിന്റെ വിളവെടുപ്പാണ് ഇന്ന് മുഴങ്ങി കേൾക്കുന്ന സുവിശേഷ പ്രഘോഷങ്ങൾ. പ്രായത്തിന്റെ അവശതകൾക്കു പോലും ആ പ്രവാചക വീര്യത്തെ കെടുത്തിക്കളയാനായില്ല.

ലഭിച്ചതല്ലാതെ എനിക്കൊന്നുമില്ല എന്ന് പറഞ്ഞു കിട്ടിയതെല്ലാം മറ്റുള്ളവർക്കായി വീതിച്ചു നൽകി അനേകരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച പിതാവ്. പ്രാർത്ഥനയിൽ പരിപൂർണ്ണ അഭയം കണ്ടെത്തി, ദരിദ്രർക്കുവേണ്ടി, രോഗികൾക്കുവേണ്ടി, പ്രയാസപ്പെടുന്നവർക്കുവേണ്ടി, അവശത അനുഭവിക്കുന്നവർക്കുവേണ്ടി ദാഹിക്കുന്ന ഒരു മനസ്സായിരുന്നു എന്നും തിരുമേനിയുടേത്. 'എന്റെ തിരുമേനി' എന്ന് ആർക്കും പറയാവുന്ന പിതാവ്. ഇങ്ങനെയും ഒരു മനുഷ്യനും ജീവിക്കാം എന്ന് ഈ പിതാവ് നമുക്ക് കാട്ടിത്തന്നു. അനുകരിക്കാവുന്ന ഒരു മാതൃക. അറിയും തോറും വലുതാകുന്ന ഒരു മനുഷ്യൻ. ദൈവം അയച്ചിട്ട് വന്ന മനുഷ്യൻ.

കരുണയുടെ പ്രവാചകൻ. ദൈവസ്നേഹത്തിന്റെ അപ്പോസ്തോലൻ. ദൈവം ഉപയോഗിച്ച മനുഷ്യൻ. വിപ്ലവകാരിയായ ബിഷപ്പ്. അതെ മലങ്കര സഭാരത്നം.

ഒരു സംഭാഷണം, ഒരു സ്പർശനം, ഒരു സന്ദേശം, ഒരു സാന്നിധ്യം, ഇത്രയൊക്കെ മതിയായിരുന്നു മുമ്പോട്ടുള്ള ജീവിതത്തിനു കുതിപ്പേകാൻ. ദിശാബോധം നൽകാൻ.

അഭിവന്ദ്യ തിരുമേനിയുടെ മധ്യസ്ഥത നമ്മെ നയിക്കട്ടെ.

# ആദരാഞ്ജലികൾ



കെ വി സക്കറിയ
( പൊടികുഞ്ഞു 80 )
കണ്ണോലിൽ, പുറമറ്റം

മുൻ ഇടവകാംഗം, ഗ്രീഗോറിയന്റെ
ആദ്യ കാല പത്രാധിപ
സമിതി അംഗം

.......................................

അണയാത്ത ദീപം പോലെ,
അങ്ങയുടെ ദീപ്തമായ ഓർമ്മകൾ
ഞങ്ങളെ മുന്നോട്ട് നയിക്കും.

ഗ്രീഗോറിയൻ

## ഒറ്റനോട്ടത്തിൽ ഫെബ്രുവരി 2024

| | |
|---|---|
| 2. വി.കുർബ്ബാന | 16. വി.കുർബ്ബാന |
| 3. വി.കുർബ്ബാന/ പ്രാർത്ഥന യോഗം | 17. വി.കുർബ്ബാന /പ്രാർത്ഥന യോഗം |
| 4. വി.കുർബ്ബാന | 18. വി.കുർബ്ബാന |
| 7. ഉപവാസ പ്രാർത്ഥന/പ്രാർത്ഥന യോഗം | 19. പ്രാർത്ഥന യോഗം |
| 9. വി.കുർബ്ബാന | 21. ഉപവാസ പ്രാർത്ഥന/ ധ്യാനം (ഉം അൽ ഖ്വയിൻ) |
| 10. വി.കുർബ്ബാന/ പ്രാർത്ഥന യോഗം | 23. വി.കുർബ്ബാന |
| 11. വി.കുർബ്ബാന / പേത്തുർത്ത | 24. വി.കുർബ്ബാന/ പ്രാർത്ഥന യോഗം |
| 12. പ്രാർത്ഥന യോഗം | 25. വി.കുർബ്ബാന |
| 14. ഉപവാസ പ്രാർത്ഥന/പ്രാർത്ഥന യോഗം | 28. ഉപവാസ പ്രാർത്ഥന/പ്രാർത്ഥന യോഗം |


ആദ്ധ്യാത്മിക സംഘടന വാർത്തകൾ

# OCYM



ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യുഎഇ മേഖലയുടെ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനം, റാസൽഖൈമ സെന്റ്മേരിസ് ഓർത്തഡോക്സ് പള്ളിയിൽ സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ: ഗീവർഗീസ് മാർ ബർണബാസ് തിരുമേനി നിർവഹിച്ചു. യുവജനപ്രസ്ഥാനം യുഎഇ മേഖല പ്രസിഡൻറ് ഫാ. ജിജോ തോമസ് പുതുപ്പള്ളി അധ്യക്ഷത വഹിച്ചു. 2024 വർഷത്തെ പ്രവർത്തന രൂപരേഖ മേഖലാ സെക്രട്ടറി ഡെന്നി എം. ബേബി അവതരിപ്പിച്ചു. വെരി. റവ. ഫിലിപ്പ് എം.സാമുവൽ എപ്പിസ്ക്കോപ്പ, ഫാ. സിറിൽ വർഗീസ്, ഫാ. ഉമ്മൻ മാത്യു, ഫാ. സക്കറിയ കെ അബ്രഹാം, ഫാ. മാത്യു ജോൺ, ബേബി തങ്കച്ചൻ, ബെൻസൺ എം.ബേബി, ജെറി ജോൺ എന്നിവർ പ്രസംഗിച്ചു. സൈജു കെ. പൗലോസ് സ്വാഗതവും, സിജി രഞ്ജു കൃതജ്ഞതയും അറിയിച്ചു.




- യുവജന പ്രസ്ഥാനം മീറ്റിംഗ് ഒന്നാമത്തേതും മൂന്നാമതെത്തും ഞാറാഴ്ചകളിൽ വിശുദ്ധ കുർബാനയ്ക് ശേഷം ഉണ്ടായിരിക്കുന്നതാണ്
- ദമ്പതിമാർക്ക് മൊമെന്റോ നൽകി : മുൻ വർഷങ്ങളിൽ വിവാഹിതരായ ദമ്പതിമാർക്ക് 07/01/2024ന് നടന്ന യുവജന പ്രസ്ഥാനം മീറ്റിങ്ങിൽ വെച്ച് ഇടവക വികാരി വന്ദ്യ ഫിലിപ്പ് എം സാമുവേൽ കോർഎപ്പിസ്കോപ്പ അച്ചൻ മൊമെന്റോകൾ നൽകി ആദരിച്ചു.
- മലയാളം ക്ലാസുകൾ : യുവജന പ്രസ്ഥാനവും മലയാളം മിഷനുമായി സഹകരിച്ചു നടത്തപെടുന്ന മലയാളം ക്ലാസുകൾ ഈ വർഷം 27/01/2024 തീയതി പ്രസ്ഥാനം പ്രസിഡന്റ് വന്ദ്യ ഫിലിപ്പ് എം സാമുവേൽ കോർ എപ്പിസ്കോപ്പ അച്ചൻ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി.

**മലയാളം ഭാഷാപഠനം**

മലയാളം മിഷൻ

എല്ലാ ശനിയാഴ്ചയും വൈകിട്ട് 4.00 മുതൽ

# SUNDAY SCHOOL ANNOUNCEMENTS







OSSAE - OKR VEDAPRAVEEN DIPLOMA Course completed Grade-12 ( 18th BATCH-2023 ) student's Graduation Ceremony, CONVOCATION-2023



Sunday School Class-10th (2023 Batch) OSSAE -OKR Central Exam completed Student's Memento Presentation Ceremony.



## യാത്രയയപ്പ്



IDICULA VARKEY & FAMILY
2008 മുതൽ ഇടവകാംഗം
I-018



JIBI JACOB & FAMILY
2007 മുതൽ ഇടവകാംഗം
J-289



SONY JOHN VARGHESE
2022 മുതൽ ഇടവകാംഗം
S-803

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | MEMBER NAME | AREA | MOB NO |
|---|---|---|---|
| A-430 | ARUN THOMAS | AND | 052-8265365 |
| B-449 | BINSU GEORGE | SJU | 055-3558094 |
| D-072 | DEEPU JACOB KURUVILLA | SJC | 050-5350684 |
| F-006 | FELIX PONNACHAN | AND | 056-5697170 |
| G-233 | GEORGE MADAPPALLIL ANTONY | AJS | 055-7659282 |
| J-793 | JETLY JOSEPH | AND | 056-9579793 |
| J-794 | JAYESH MATHEW | MSL | 052-3409300 |
| L-112 | LIJO VARGHESE | AJS | 054-5189930 |
| S-865 | SHINU SANTHAN | SRQ | 050-4018832 |
| S-866 | SUJITH THOMAS | RLA | 058-2385737 |
| T-273 | TENY NINAN MATHEW | SJU | 058-6544535 |
| V-231 | VIPIN EASO | AJK | 055-7685196 |

# MGOCSM

## EXECUTIVE COMMITTEE-2024



PRESIDENT — Very. Rev. Philip M Samuel Cor-Episcopa

CO-VICAR — Rev. Fr. Gijo Thomas Rajan

VICE PRESIDENT — Shiny Oommen

SECRETARY — Habel Mathew

TREASURER — Alex Varghese

STUDENT VICE PRESIDENT — Joann Liz Thomas

Jt.SECRETARY — Dona Kuruvilla

STUDENT TREASURER — Michelle Mariam Shaji

STUDENT COMMITTEE MEMBER — Hanok Mathew

STUDENT COMMITTEE MEMBER — Abinoam Yon Bibin

STUDENT COMMITTEE MEMBER — Elsa Anna Binu

STUDENT COMMITTEE MEMBER — Neeva Mathew

SENIOR COMMITTEE MEMBER — Renoy John Sony

SENIOR COMMITTEE MEMBER — Bindu Shibu

EX-OFFICIO — Oommen P Oommen



The first meeting of 2024 was held on the 28th of January on the theme - Revival in Christ. The Resource Person of the day was Ms.Surya Susheel, School Psychologist, who spoke about how important the revival in Christ for teenagers was and how we should look to transform ourselves.



The first Service activity of MGOCSM 2024 was conducted at the Al Hawas Al Khams Rehabilitation Center on the 26th of January 2024. A balloon art painting session was conducted by the Executive Committee members

# ORTHODOX MEDICAL FORUM (OMF)

## OMF കോ–ഓർഡിനേറ്ററുമാർ–2024



ഡോ. ഷൈല സാജൻ    ശ്രീമതി. റാണി സാബു    ശ്രീമതി. ഷാലിയ തോമസ്

OMF മീറ്റിംഗ് എല്ലാ നാലാം ശനിയാഴ്ചയും വൈകിട്ട് 4 മണി മുതൽ പള്ളിയിൽ വച്ചും മറ്റു ശനിയാഴ്ചകളിൽ വൈകിട്ട് 4 മണി മുതൽ OMF പ്രാർത്ഥനായോഗങ്ങൾ online ലും കൂടി വരുന്നു.

# MARTHA MARIYAM VANITHASAMAJAM

## Executive committee 2024



Very.Rev.Philip M.Samuel Cor -Episcopa
President/Vicar

Rev.Fr.Gijo Thomas Rajan
Co-Vicar

Mrs. Rishly Mathew
Secretary

Mrs. Nisha Elizabeth George
Treasurer

Mrs.Dyna Mathew
Joint.Secretary

Mrs . Manjusha M
Joint Treasurer

Mrs .Sheeba Binoy
Committee Member

Mrs . Annie Varghese
Committee Member

Mrs .Suju Sunny
Committee Member

Mrs .Blessy Anil
Librarian

Mrs.Sareena Biju
Ex- Officio

- റെഗുലർ മീറ്റിംഗ് 11,25, തീയതികളിൽ വി. കുർബാനയ്ക്കു ശേഷം നടത്തപ്പെടുന്നതാണ്.
- Medical cell 4,18 തീയതികളിൽ വി. കുർബാനയ്ക്കു ശേഷം Shutter space–ൽ പ്രവർത്തിക്കുന്നതാണ്.

# Umm Al Quwain Service

ഫെബ്രുവരി 21-02-2024 ബുധനാഴ്ച 7.00 PM ന് UAQ prayer hall ൽ വെച്ച് വലിയ നോമ്പിന്റെ സന്ധ്യാനമസ്കാരവും തുടർന്ന് ധ്യാനവും നടത്തപ്പെടുന്നതാണ്

# ശ്ബോത്ത് ഫെബ്രുവരി

2. മായൽത്തോ പെരുന്നാൾ (കർത്താവിന്റെ ദേവാലയ പ്രവേശനം) വയോധിക ദിനം. വൃദ്ധനായ ശെമവോന്റെയും, മർത്ത് ഹന്നായുടെയും ഓർമ്മ. മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 56-ാം ഓർമ്മ. (കണ്ടനാട് കർമ്മേൽ ദയറാ).
3. വിലാപക്കാരിൽ പ്രധാനിയായ മാർ ബർസൗമായുടെ ഓർമ്മ. താപസനും വിലാപക്കാരനുമായ മാർ കൗമായുടെ ഓർമ്മ.
4. സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മ. (ആനീദേ ഞായറാഴ്ച്).
9. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 15-ാം ഓർമ്മ. (കൊല്ലം സെന്റ് തോമസ് കത്തീഡ്രൽ).
11. കൊത്തിനെ ഞായറാഴ്ച. (വലിയ നോമ്പിന്റെ പേത്തുർത്തോ ഞായർ).
12. വലിയ നോമ്പ് (50 നോമ്പ്) ആരംഭം; ശുബ്ക്കോനോ ശുശ്രൂഷ.
13. മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 92-ാം ഓർമ്മ. (മഞ്ഞനിക്കര ദയറാ).
16. സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 12-ാം ഓർമ്മ. (മാവേലിക്കര സെന്റ് പോൾസ് ചാപ്പൽ).
17. *മാർ അപ്രേം മൽപാന്റെയും, തേവോദോറോസ് സഹദായുടെയും ഓർമ്മ (വലിയ നോമ്പിലെ ആദ്യ ശനി).
18. വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച. (ഗർബോ ഞായർ).
23. മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 90-ാം ഓർമ്മ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 16-ാം ഓർമ്മ. (ദേവലോകം കാതോലിക്കേറ്റ് അരമന). സ്മിർണായിലെ പോളിക്കാർപ്പോസിന്റെ ഓർമ്മ.
24. പരി.വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 90-ാം ഓർമ്മപ്പെരുനാൾ. (കോട്ടയം പഴയ സെമിനാരി ചാപ്പൽ). ഏവൻഗേലിസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ.
25. വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ച. (മ്ശറ്യോ ഞായർ).

## പ്രാർത്ഥന യോഗം സെക്രട്ടറിമാർ

UAQ

Mr. Mathew M.C
(M-029)

ABS

Mr. Subin Mathew
S-814)

SRQ

Mr. Varghese Thomas
(V-107)

RLA

Mrs. Reena Varkey
(V-209)

SJC

Mr. Bibin George
(B - 313)

AND/AWK/DXB

Mr. Leen Koshy Samuel
(L-013)

MSL

Mr. Jibin George
(J-634)

MLN

Mr. Shibu TP
(S-271)

AJK/AJS

Mr. Byju Baby
(B067)

AKZ/BMW/SJU

Mr. Sunny Kochukoshy
(S-471)

OAI

Mr. Sajan Samuel
(S-710)

## SCHEDULE OF AREA PRAYER MEETINGS

### VENUE: THE CHURCH, ENCLOSURE & PARISH HALL

| SL. NO. | AREA | PRAYER GROUP NAME | Hosted by | TIMINGS |
|---|---|---|---|---|
| 1 | UAQ | ST. MARKS- | Well Wishers | 07/02/2024 WEDNESDAY - 7.30 PM - 8.30 PM @ UAQ Prayer Hall |
| 2 | ABS | ST. THOMAS | Mr.Subin Mathew & Family<br>Mr. Shinu Kurian &Family<br>Mr. Titty Wilson & Family<br>Mr. Santhosh Kunnel Cherian &Family | 03/02/2024 SATURDAY - 8.00 PM - 9.00 PM |
| 3 | SRQ | ST. GEORGE | Mr. Biju Thomas | 03/02/2024 SATURDAY - 8.00 PM - 9.00 PM |
| 4 | RLA | ST. JOHN'S | Mr. James Daniel | 12/02/2024 MONDAY - 8.00 PM - 9.00 PM |
| 5 | SJC | ST. PETER'S | Mr. Prasad Philip Varghese | 14/02/2024 WEDNESDAY - 8.00 PM - 9.00 PM |
| 6 | AND | ST. DIONYSIUS | Mrs. Deepthi Jojy<br>Mr. Achu George Vaidian | 10/02/2024 SATURDAY - 8.00 PM - 9.00 PM |
| | AWK | ST. MATHEWS | | |
| | DXB | ST. BEHANANS | | |
| 7 | MSL | ST. GREGORIOS | Mr. Suraj Kollanoor Kurian | 10/02/2024 SATURDAY -8.00 PM-9.30 PM |
| 8 | MLN | ST. BASELIOS | Well Wishers | 19/02/2024 MONDAY - 8.00 PM - 9.00 PM |
| 9 | AJK | ST. LUKES | Well Wishers | 17/02/2024 SATURDAY - 8.00 PM - 9.00 PM |
| | AJS | ST. KURIAKOSE | | |
| 10 | AKZ | ST. STEPHEN'S | Mr. Sunny Kochukoshy | 28/02/2024 WEDNESDAY - 8.00 PM - 9.00 PM |
| | BMW | ST. MARY'S | Mr. John P. Raju | |
| | SJU | ST. IGNATIUS | Mr. Reji Varghese | |
| 11 | OAI | ST. PAUL'S | Well Wishers | 24/02/2024 SATURDAY - 8.00 PM - 9.00 PM |

## 2024 ജനുവരി മാസത്തിൽ ഇടവകയിൽ നടന്ന പെരുന്നാളുകളും, മറ്റു പരിപാടികളും


ദനഹാ പെരുന്നാൾ


2024 വർഷത്തെ കലണ്ടർ പ്രകാശനം


നിനവേ നോമ്പ്


മാർ സ്തേഫാനോസ് സഹദയുടെ പെരുന്നാൾ


H.H.Baselios Geevarghese II,
H.H.Baselios Marthoma Mathews II
പിതാക്കന്മാരുടെ ഓർമ്മ പെരുന്നാൾ


റിപ്പബ്ലിക്ക് ദിനാഘോഷം


പുതുപ്പള്ളി MLA യും സഭയുടെ അരുമ സന്താനവുമായ
ശ്രീ. ചാണ്ടി ഉമ്മന് ഇടവകയിൽ സ്വീകരണം നൽകിയപ്പോൾ

Private Circulation Only